വൈദ്യുത രംഗത്തെ പെർഫോർമൻസ് റഗുലേഷൻ നിയമം

58 [1159] ശ്രീ. ബിനോയ് വിശ്വം :
,, പി. നാരായണൻ :
,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി രംഗത്ത് പുതിയ പെർഫോർമൻസ് റഗുലേഷൻ നിയമം നിലവിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് നിലവിൽ വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയമത്തിന്റെ കരട് പ്രസിദ്ധീകരിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ കണക്ഷൻ, വൈദ്യുതി വിതരണത്തിലെ തടസ്സം, കണക്ഷൻ പുനഃസ്ഥാപിക്കൽ, ബില്ലുകളിലെ അപാകത തുടങ്ങിയ രംഗങ്ങളിൽ പുതിയ നിയമംമൂലം എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി) സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ 21-11-2005-ൽ കരട് പ്രസിദ്ധീകരിച്ചു.

(സി) ഉദിക്കുന്നില്ല.

മിനി ഹൈഡൽ സ്കീമുകൾ

59 [1160] ശ്രീ. വർക്കല കഹാർ:
,, ലൂഡി ലൂയിസ്:
,, ജോർജ് ജെ. മാത്യു:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വെള്ളച്ചാട്ടങ്ങളിലെ വെള്ളം ഉപയോഗിച്ച് മിനി ഹൈഡൽ സ്കീമുകൾ നിർമ്മിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ;

(സി) ഇക്കാര്യത്തിനായി ഒരു സമയ ബന്ധിത പദ്ധതിക്ക് രൂപം കൊടുക്കുമോ;

(ഡി) എത്ര ചെറുകിട വൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിനാണ് ചൈനയുമായി കരാർ വച്ചിട്ടുള്ളത്;

(ഇ) ഇവയുടെ പണി ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ & ബി) ഉണ്ട്.

GPM. 2/154/2013—12

LIBRARY ARCHIVES Kerala Legislative Assembly